പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2509 **27-10-2026-ൽ മറുപടിയ്ക്ക്**

കേരള സംസ്ഥാന സഹകരണ സർവീസ് പരീക്ഷ ബോർഡ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന സഹകരണ സർവീസ് പരീക്ഷ ബോർഡ് രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ബോർഡ് നിലവിൽ വന്നശേഷം സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും നിയമനപ്രക്രിയ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

മറുപടി: സ.ഉ.(പി)നം.5/2001 സഹകരണ തീയതി 5/01/2001, സ.ഉ.(പി)നം.18/2001 സഹകരണ തീയതി 25/01/2001 എന്നിവ അനുസരിച്ച് രൂപീകൃതമായ ഒരു സ്ഥാപനമാണ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്. 1969 -ലെ കേരള സഹകരണ നിയമം 80ബി വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലേയും ബോർഡുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലെ നിയമനത്തിന് പരീക്ഷ നടത്തുന്നതിന് പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

കൂടാതെ KCS Rule 185(5)(6) പ്രകാരമുള്ള ഉദ്യോഗകയറ്റ പരീക്ഷയും 1969-ലെ കേരള സഹകരണ സംഘം ചട്ടം 185(10) ലെ രണ്ടാമത്തെ പ്രൊവിസോയിൽ അപ്പെന്റിക്സ് III-ൽ ഉൾപ്പെടുന്ന II മുതൽ VII വരെയുള്ള സംഘം/ബാങ്കുകളിലെ താഴ്ന്ന വിഭാഗം (സബ് സ്റ്റാഫ്) തസ്തികകളിൽ നിന്ന് ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിക്കുന്നതിനുള്ള യോഗ്യത പരീക്ഷയും പരീക്ഷാ ബോർഡ് നടത്തുന്നു.

03.06.2019 ലെ സ.ഉ.(സാധാ) നം.352/2019-സഹ പ്രകാരം നടപ്പിലാക്കിയ ICRMS എന്ന സോഫറ്റ് വെയർ മുഖേന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മാതൃകയിൽ ഒറ്റതവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിനും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ 20/12/2023 ന് പുറപ്പെടുവിച്ച വിജ്ഞാപനം മുതൽ അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുവാനും കൂടാതെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്നു തന്നെ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറി, അസ്സി. സെക്രട്ടറി, ജനറൽ മാനേജർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ഓൺലൈനിലൂടെ പരീക്ഷകൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു.

പരീക്ഷകളുടെ മൂല്യനിർണ്ണയം ഓൺലൈൻ സംവിധാനം വഴി നടത്തിവരുന്നു. ഓൺലൈൻ പരീക്ഷ കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് അവരുടെ മാർക്കിനെ കുറിച്ച് സംശയമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അവരുടെ profile ൽ തന്നെ response sheet, മൂല്യനിർണ്ണയത്തിന് ശേഷം ലഭ്യമായ യോഗ്യതാ പട്ടികയും കൂടികാഴ്ച്ചയ്ക്ക് ശേഷമുള്ള റാങ്ക് ലിസ്റ്റും ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ തന്നെ ലഭ്യമാകുന്നതാണ്.

(ബി) ബോർഡ് രൂപീകരിച്ച ശേഷം നാളിതുവരെ ബോർഡ് മുഖേന വിവിധ സഹകരണ സംഘങ്ങളിലേക്കും ബാങ്കുകളിലേക്കും നിയമനത്തിനായി എത്ര ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് യഥാർത്ഥത്തിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നും ജില്ല, തസ്തിക, വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് 2001-ലാണ് രൂപീകരിച്ചത്. എങ്കിലും 2005 വർഷം വരെ അതാത് സംഘം/ബാങ്കുകളാണ് വിജ്ഞാപനം പുറപ്പെടുവിക്കുകയും, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡാണ് പരീക്ഷ നടത്തുകയും ചെയ്തിരുന്നത്.

16.03.2005 മുതൽ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷ നടത്തി യോഗ്യതാ പട്ടിക, സംഘം/ബാങ്കുകളിലേയ്ക്ക് അയച്ചു നൽകുകയും ആയതിൻ പ്രകാരം സംഘം/ബാങ്ക് അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ഉത്തരവ് നൽകിയിരുന്നു. തുടർന്ന് 18/09/2020-ലെ സ.ഉ.(പി) നം. 94/2020/സഹ പ്രകാരം 2021 വർഷം മുതൽ റാങ്ക് ലിസ്റ്റും, നിയമന ശുപാർശകളും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നൽകി വരുന്നു.

പരീക്ഷാ ബോർഡ് വിവിധ തസ്തികകളിൽ നിയമന ശുപാർശ നല്കിയതിന്റെ ജില്ലയും, വർഷവും തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. എന്നാൽ നിയമന ഉത്തരവ് നല്കുന്നത് അതാത് സംഘം/ബാങ്കുകളാണ്.

(സി) പ്രസ്തുത ബോർഡ് രൂപീകരിച്ച ശേഷം നാളിതുവരെ ഏതെല്ലാം തസ്തികകളിലേക്കാണ് പരീക്ഷകൾ നടത്തിയിട്ടുള്ളതെന്നും ഓരോ തസ്തികയിലേക്കും നടത്തിയ പരീക്ഷകളുടെ എണ്ണം, വിജ്ഞാപനം ചെയ്ത ഒഴിവുകൾ, പരീക്ഷയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ, പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ, നിയമനത്തിനായി ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ എന്നിവയുടെ വിശദാംശവും ലഭ്യമാക്കുമോ;

<u>മറുപടി:</u> പ്രസ്തുത ബോർഡ് രൂപീകരിച്ച ശേഷം നാളിതുവരെ സെക്രട്ടറി, ജനറൽ മാനേജർ, മാനേജിംഗ് ഡയറക്ടർ/അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൌണ്ടന്റ്/ബ്രാഞ്ച് മാനേജർ/ അസ്സിസ്റ്റന്റ് ജനറൽ മാനേജർ/ഇൻറ്റേണൽ ആഡിറ്റർ, ജൂനിയർ ക്ലാർക്ക്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്കാണ് പരീക്ഷകൾ നടത്തിയിട്ടുള്ളത്.

തസ്തിക	പരീക്ഷകളുടെ എണ്ണം	വിജ്ഞാപനം ചെയ്ത ഒഴിവുകളുടെ എണ്ണം	പങ്കെടുത്ത ഉദ്യോഗാർത്ഥികൾ	2021 മുതലുള്ള വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ	നിയമന ശുപാർശകൾ (2021 മുതൽ)
സെക്രട്ടറി	10	42	59979	8	21

ജനറൽ മാനേജർ	1	01	79	1	1
അസ്സിസ്റ്റന്റ് ജനറൽ മാനേജർ	1	01	614	1	1
അസിസ്റ്റന്റ് സെക്രട്ടറി	13	93	29895	15	94
മാനേജിംഗ് ഡയറക്ടർ/ അസിസ്റ്റന്റ് സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ്/ ബ്രാഞ്ച് മാനേജർ/ അസ്സിസ്റ്റന്റ് ജനറൽ മാനേജർ/ ഇന്റേണൽ ആഡിറ്റർ	32	498			
ജൂനിയർ ക്ലാർക്ക്	68	8874	835851	30	2860
സിസ്റ്റം അഡ്മിനിസ്ട്രേറ്റർ	17	90	1843	12	44
സിസ്റ്റം സൂപ്പർ വൈസർ	02	02	276	2	02
ഡാറ്റാ എൻട്രി ഓപ്പറേറ്റർ	19	233	7229	13	104
ടൈപ്പിസ്റ്റ്	36	72	15034	07	13

(ഡി) പ്രസ്തുത ബോർഡ് നിലവിൽ വന്നശേഷം നിയമനപ്രക്രിയയിലെ കാലതാമസം കുറയ്ക്കുന്നതിനും സുതാര്യതയും മെറിറ്റും ഉറപ്പാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് തുല്യാവസരം ലഭ്യമാക്കുന്നതിനും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നും ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പരിശോധനകളുടെയോ പഠനങ്ങളുടെയോ വിശദാംശവും ലഭ്യമാക്കുമോ;

<u>മറുപടി:</u> സർക്കാരിന്റെ 03.06.2019 ലെ സ.ഉ.(സാധാ) നം. 352/2019-സഹ പ്രകാരം നടപ്പിലാക്കിയ ICRMS എന്ന സോഫറ്റ് വെയർ മുഖേന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മാതൃകയിൽ ഒറ്റതവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിനും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ 20/12/2023 ന് പുറപ്പെടുവിച്ച വിജ്ഞാപനം മുതൽ അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുവാനും കൂടാതെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്നു തന്നെ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ഡൌൺലോഡ് ചെയ്യുന്നതിനും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറി, അസ്സി. സെക്രട്ടറി, ജനറൽ മാനേജർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ഓൺലൈനിലൂടെ പരീക്ഷകൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു. ICRMS

എന്ന സോഫ്റ്റ് വെയർ മുഖേന നിയമന പ്രക്രിയയിലെ കാലതാമസം കുറയ്ക്കുന്നതിനും സുതാര്യതയും മെറിറ്റും ഉറപ്പാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് തുല്യ അവസരം ലഭ്യമാക്കുന്നതിനും സാധിച്ചു.

(ഇ) പരീക്ഷാ ബോർഡ് മുഖേന നടത്തുന്ന നിയമനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം, നിയമന ശിപാർശ എന്നിവയിലെ കാലതാമസം ഒഴിവാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭാവിയിൽ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

മറുപടി: സർക്കാരിന്റെ 03.06.2019 ലെ സ.ഉ.(സാധാ) നം.352/2019-സഹ പ്രകാരം നടപ്പിലാക്കിയ ICRMS എന്ന സോഫ്റ്റ് വെയർ മുഖേന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മാതൃകയിൽ ഒറ്റതവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിനും സർവ്വീസ് പരീക്ഷാ ബോർഡിന്റെ 20/12/2023 ന് പുറപ്പെടുവിച്ച വിജ്ഞാപനം മുതൽ അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുവാനും കൂടാതെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്നു തന്നെ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറി, അസ്സി.സെക്രട്ടറി, ജനറൽ മാനേജർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ഓൺലൈനിലൂടെ പരീക്ഷകൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു.

നിലവിലെ പരീക്ഷാ ബോർഡ് ഭരണ സമിതി 11.08.2026 ന് രാജിവച്ചു പോയിട്ടുള്ളതാണ്. പുതിയ ഭരണ സമിതി ചുമതല ഏറ്റെടുക്കുന്ന മുറയ്ക്ക് പരീക്ഷാ ബോർഡിനെ സംബന്ധിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനും ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

	സെക്രട്ടറി				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	-	-	1	1	-
കൊല്ലം	-	-	-	-	-
പത്തനംതിട്ട	-	-	-	1	-
ആലപ്പുഴ	-	-	1	-	-
കോട്ടയം	-	-	1	-	1
ഇടുക്കി	-	-	-	-	-
എറണാകുളം	-	-	-	-	2
തൃശ്ശൂർ	-	-	1	1	1
പാലക്കാട്	-	-	-	-	-
മലപ്പുറം	-	-	1	1	1
കോഴിക്കോട്	-	-	-	-	-
വയനാട്	-	-	-	-	1
കണ്ണൂർ	-	1	2	1	-
കാസറഗോഡ്	-	1	1	-	-
ആകെ		02	08	05	06

	ജനറൽ മാനേജർ				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	-	-	-	-	-
കൊല്ലം	-	-	-	-	-
പത്തനംതിട്ട	-	-	-	-	-
ആലപ്പുഴ	-	-	-	-	-
കോട്ടയം	-	-	-	-	-
ഇടുക്കി	-	-	-	-	-

എറണാകുളം	-	-	-	-	-
തൃശ്ശൂർ	-	-	-	-	-
പാലക്കാട്	-	-	-	1	-
മലപ്പുറം	-	-	-	-	-
കോഴിക്കോട്	-	-	-	-	-
വയനാട്	-	-	-	-	-
കണ്ണൂർ	-	-	-	-	-
കാസറഗോഡ്	-	-	-	-	-
ആകെ	-	-	-	1	-

	അസിസ്റ്റന്റ് സെക്രട്ടറി/ മാനേജിംഗ് ഡയറക്ടർ /ചീഫ് അക്കൌണ്ടന്റ്/ ബ്രാഞ്ച് മാനേജർ/അസിസ്റ്റന്റ് ജനറൽ മാനേജർ/ഇൻറ്റേണൽ ആഡിറ്റർ				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	3	-	3	3	-
കൊല്ലം	1	3	-	1	3
പത്തനംതിട്ട	1	-	3	-	-
ആലപ്പുഴ	1	-	-	-	-
കോട്ടയം	4	2	3	-	-
ഇടുക്കി	-	-	2	1	-
എറണാകുളം	1	3	3	2	2
തൃശ്ശൂർ	1	-	-	3	1
പാലക്കാട്	-	2	-	2	2
മലപ്പുറം	2	-	3	2	2
കോഴിക്കോട്	1	-	-	3	3
വയനാട്	2	-	-	1	1
കണ്ണൂർ	-	2	-	-	6
കാസറഗോഡ്	1	2	3	2	2

ആകെ	18	14	20	20	22

	ജൂനിയർ ക്ലാർക്ക്				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	35	51	51	34	57
കൊല്ലം	40	56	49	27	48
പത്തനംതിട്ട	16	11	13	9	4
ആലപ്പുഴ	37	20	13	9	12
കോട്ടയം	53	58	30	25	30
ഇടുക്കി	19	16	8	2	10
എറണാകുളം	89	76	57	90	45
തൃശ്ശൂർ	90	62	49	30	55
പാലക്കാട്	94	75	42	86	73
മലപ്പുറം	61	53	72	49	83
കോഴിക്കോട്	51	63	37	33	70
വയനാട്	8	5	2	5	14
കണ്ണൂർ	76	38	61	49	65
കാസറഗോഡ്	34	28	16	7	24
ആകെ	703	612	500	455	590

	സിസ്റ്റം അഡ്മിനിസ്ട്രേറ്റർ				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	1	3	-	-	1
കൊല്ലം	1	-	-	1	-
പത്തനംതിട്ട	-	-	-	-	-
ആലപ്പുഴ	-	1	-	-	-

കോട്ടയം	4	-	-	-	-
ഇടുക്കി	-	-	-	-	-
എറണാകുളം	1	1	-	1	1
തൃശ്ശൂർ	1	2	-	1	-
പാലക്കാട്	1	1	-	-	1
മലപ്പുറം	1	-	1	-	3
കോഴിക്കോട്	-	2	1	-	2
വയനാട്	-	-	-	-	1
കണ്ണൂർ	1	1	3	1	1
കാസറഗോഡ്	-	2	-	1	-
ആകെ	11	13	5	5	10

	സിസ്റ്റം സൂപ്പർവൈസർ				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	-	-	-	-	-
കൊല്ലം	-	-	-	-	-
പത്തനംതിട്ട	-	-	-		-
ആലപ്പുഴ	-	-	1	-	-
കോട്ടയം	-	-	-	-	-
ഇടുക്കി	-	-	1	-	-
എറണാകുളം	-	-	-	-	-
തൃശ്ശൂർ	-	-	-	-	-
പാലക്കാട്	-	-	-	-	-
മലപ്പുറം	-	-	-	-	-
കോഴിക്കോട്	-	-	-	-	-
വയനാട്	-	-	-	-	-
കണ്ണൂർ	-	-	-	-	-
കാസറഗോഡ്	-	-	-	-	-

ആകെ	-	-	2	-	-

	ഡേറ്റാ എൻട്രി ഓപ്പറേറ്റർ				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	2	1	1	1	2
കൊല്ലം	2	3	4	1	1
പത്തനംതിട്ട	-	-	-	-	-
ആലപ്പുഴ	1	1	-	-	-
കോട്ടയം	1	1	-	1	-
ഇടുക്കി	-	1	-	-	-
എറണാകുളം	4	1	4	-	-
തൃശ്ശൂർ	8	4	4	3	1
പാലക്കാട്	2	1	1	3	1
മലപ്പുറം	2	3	4	1	3
കോഴിക്കോട്	2	4	3	1	2
വയനാട്	1	2	-	-	-
കണ്ണൂർ	2	4	3	-	3
കാസറഗോഡ്	-	2	1	-	-
ആകെ	27	28	25	11	13

	ടൈപ്പിസ്റ്റ്				
ജില്ല	2021	2022	2023	2024	2025
തിരുവനന്തപുരം	-	-	-	-	-
കൊല്ലം	-		-	-	-
പത്തനംതിട്ട	-	-	-	-	-
ആലപ്പുഴ	-	-	-	-	-
കോട്ടയം	-	-	1	-	-

ഇടുക്കി	-	1	-	-	-
എറണാകുളം	1	-	-	1	-
തൃശ്ശൂർ	-	-	-	-	1
പാലക്കാട്	-	-	-	1	-
മലപ്പുറം	1	-	1	-	-
കോഴിക്കോട്	1	1	1	-	-
വയനാട്	-	-	-	-	-
കണ്ണൂർ	-	1	1	-	-
കാസറഗോഡ്	-	-	-	-	-
ആകെ	3	3	4	2	1

സെക്ഷൻ ഓഫീസർ